പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -7313 — 16.07.2012 ൽ മറുപടിക്ക്

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ; | (എ) | സംസ്ഥാന റോഡു വികസന പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകൾ എത്ര കിലോമീറ്റർ വീതമെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. |
| (സി) ഗതാഗതക്കുരുക്കിനാൽ വീർപ്പുമുട്ടുന്ന അങ്കമാലി നിയോജകമണ്ഡലത്തിൽപ്പെട്ട കാലടിയിലെ റോഡുകൾ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ;<br>(ഡി) എങ്കിൽ ഉൾപ്പെടുത്തിയ റോഡ് ഏതെന്നും ഇല്ലെങ്കിൽ ഉൾപ്പെടുത്താത്തതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ ? | (സി) & (ഡി) | പരിഗണിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പഠനത്തിലൂടെ നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് ഏകദേശം 2500 കി.മീ റോഡുകളുടെ വിശദമായ പഠനം നടത്തി അതനുസരിച്ചുള്ള റാങ്കിങ്ങിൽ ഏറ്റവും മുന്നിൽ വന്ന റോഡുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തെരഞ്ഞെടുത്തിരിക്കുന്നത്. റോഡുകളിലെ ഗതാഗത ബാഹുല്യം, ദേശീയപാതയും മറ്റു പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്ന് പോകുന്ന പ്രദേശങ്ങളുടെ കാർഷിക, വ്യാവസായിക, വിനോദസഞ്ചാര പ്രാധാന്യം മുതലായ മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**